## പതിനാലാം കേരളനിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4431 | 21.03.2018-ൽ മറുപടിക്ക് |
|---|---|

### സൈബർ ശല്യങ്ങൾക്കും പീഡനങ്ങൾക്കും വിധേയമാകുന്നവരുടെ പരാതികൾ

| ചോദ്യം<br>ശ്രീ. പി.കെ. ശശി | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | വർധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കാനും തടയുവാനുമായി ആഭ്യന്തരവകുപ്പ് മറ്റുവകുപ്പുകളും കേന്ദ്രസർക്കാരുമായും കേന്ദ്ര ഏജൻസികളുമായും ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്ത് എന്നും വ്യക്തമാക്കുമോ; | (എ) | വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കാനും തടയുവാനുമായി സ്കൂൾ കോളേജ് തലങ്ങളിലും, റസിഡൻസ് അസോസിയേഷനുകൾ മുഖേനയും ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും, കുറ്റവാളികൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും സൈബർ സെല്ലുകളും, തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സൈബർ പോലീസ് സ്റ്റേഷൻ, പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ പ്രവർത്തിക്കുന്ന ഹൈടെക് സെൽ, ടെക്നോപാർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന സൈബർ ഡോം എന്നിവ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനായി ശക്തമായ നിരീക്ഷണം നടത്തിവരുന്നു. |
| (ബി) | സംസ്ഥാനത്ത് സ്ത്രീകൾ വിദ്യാർത്ഥിനികൾ ഉൾപ്പെട്ട കുട്ടികളും യുവതികളും മൊബൈൽ ഉൾപ്പെടെയുള്ള നെറ്റ് വർക്ക് പ്രോഗ്രാമിംഗുകളിലൂടെയും ഒപ്പം മറ്റു ഉപാദികളിലൂടെയുമുള്ള ശല്യങ്ങൾക്കും പീഡനങ്ങൾക്കും വിധേയമാകുന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ ഇവ തടയുവാനും കുട്ടികളും സ്ത്രീകളും ഉൾപ്പെടെയുള്ളവർക്ക് സംരക്ഷണം നൽകുവാനും കുറ്റവാളികളെ കണ്ടെത്തി | (സി) | സ്കൂളുകളിലേയും, കോളേജുകളിലേയും വിദ്യാർത്ഥികൾക്കിടയിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചും, മഹിളാ സംഘടനകളുടേയും, റസിഡൻസ് അസോസിയേഷനുകളുടേയും യോഗങ്ങളിൽ |

| | | | |
|---|---|---|---|
| | അവർക്ക ശിക്ഷ ഉറപ്പാക്കാനുമായി ആഭ്യന്തര വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾ എന്ത് എന്നും വ്യക്തമാക്കാമോ; | | ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർ പങ്കെടുത്തുകൊണ്ട് സൈബർ കുറ്റകൃത്യങ്ങളെപ്പറ്റി ക്ലാസുകൾ നടത്തിയും കേസുകൾ റിപ്പോർട്ട് ചെയ്യാൽ IT Act പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ച് സൈബർ സെൽ, ഹൈടെക് സെൽ, സൈബർ ഡോം എന്നിവ വഴി തെളിവുകൾ ശേഖരിച്ച് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഈ സർക്കാർ കാലയളവിൽ ഇവസംബന്ധിച്ച് എത്ര പരാതികൾ ലഭിച്ച എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ഈ സർക്കാർ കാലയളവിൽ ഇവ സംബന്ധിച്ച് ചെറുതും വലുതുമായ 3854 പരാതികൾ ലഭിക്കുകയും, ഇതിൽ 355 കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ